(4) എസ്.ടി.എഫ്. പിടിച്ചുകൊണ്ടുപോയ ആദിവാസികൾ ഉൾപ്പെടെയുള്ള നാലു ആളുകളെ വിട്ടുകിട്ടാൻ നടപടി

ശ്രീ. ജോസ് ബേബി: സർ, തമിഴ്നാട്, കർണ്ണാടക പോലീസിന്റെ എസ്.ടി.എഫ്. എന്നുപറയുന്ന ഒരു വിഭാഗം, മണ്ണാർക്കാട് പ്രദേശങ്ങളിൽ ആദിവാസി മേഖലകളിൽ നിന്ന് പാവപ്പെട്ട ആദിവാസികളെ പിടിച്ചുകൊണ്ടു പോയി ക്രൂരമായി മർദ്ദിച്ചു. രണ്ട് ആഴ്ചയ്ക്ക് മുമ്പ് അട്ടപ്പാടിയിലെ ഷോളയൂർ എന്ന പ്രദേശത്തുനിന്ന് ആദിവാസികൾ ഉൾപ്പെടെയുള്ള നാലുപേരെ പിടിച്ചു കൊണ്ടുപോയി. വീരപ്പൻ വന്നപ്പോൾ ആ ആദിവാസികൾ കണ്ടെന്നും അവരുടെ കൈയിൽ 500 രൂപയുടെ നോട്ട് കണ്ടെന്നും വീരപ്പന്റെ അനുയായികൾ കൊടുത്തതാണ് അതെന്നും പറഞ്ഞുകൊണ്ട് ഈ പാവപ്പെട്ട ആദിവാസികളെ പിടിച്ചുകൊണ്ടുപോയി ക്രൂരമായി മർദ്ദിച്ചു. ഞാൻ അവിടെ പോയിരുന്നു. സാധാരണ റോഡിൽ നിന്ന് 150-ഓളം കിലോമീറ്റർ ദൂരമുള്ള മലമടക്കുകളിൽ താമസിക്കുന്ന ആദിവാസികളാണ്. ആ ആദിവാസികൾക്ക് ഓരോരുത്തർക്കും പത്തും പതിനഞ്ചും പശുവും ആടും മാടും ഒക്കെ ഉള്ളവരാണ്. 500-ന്റെ നോട്ട് കാണാൻ അവർക്ക് വലിയ ബുദ്ധിമുട്ടൊന്നുമില്ല. എസ്.ടി.എഫ്.കാർ പിടിച്ചു കൊണ്ടുപോയി ക്രൂരമായി മർദ്ദിക്കുകയാണ് ചെയ്തത്. വീരപ്പൻ മണ്ണാർക്കാട് പ്രദേശത്ത് പ്രവേശിച്ചതായി കേൾക്കുന്നു. അടുത്ത ദിവസം പത്രത്തിൽ വാർത്തയുണ്ടായിരുന്നു, വീരപ്പൻ എം.എൽ.എ.യെയും പൊതുപ്രവർത്തകരെയും കാണുകയുണ്ടായി എന്ന്.

സർ, കേരളത്തിലെ എല്ലാ പത്രങ്ങളിലും വന്ന വാർത്തയാണ്: "എം.എൽ.എ.-മാരുടെയും പഞ്ചായത്ത് പ്രസിഡന്റിന്റെയുമൊക്കെ വീട് അന്വേഷിച്ച് വീരപ്പൻ വന്ന സംഭവ"മുണ്ടായി എന്നാണ്. മണ്ണാർക്കാട് എം.എൽ.എ. എന്നല്ല, എം.എൽ.എ.യുടെ വീടാണ് ചോദിച്ചത്. ഏറ്റവും വലിയ പ്രശ്നമെന്നു പറയുന്നത് ഈ പാവപ്പെട്ട ആദിവാസികളെ പിടിച്ചു കൊണ്ടു പോയിട്ട് അവരുടെ കുടുംബാംഗങ്ങളെപ്പോലും കാണാനുള്ള സൗകര്യമുണ്ടാക്കാതിരിക്കുകയും കുറേ ദിവസങ്ങളായി അവരെ ജയിലിൽ പാർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. സംസ്ഥാന മുഖ്യമന്ത്രി ഇതിനെക്കുറിച്ച്, വീരപ്പൻവേട്ടയെക്കുറിച്ച് ഇതിനോടകം അഭിപ്രായങ്ങൾ പറഞ്ഞു കഴിഞ്ഞിരിക്കുകയാണ്. എന്നാൽ ഇപ്പോൾ കുറച്ചുകൂടി ദുരൂഹത വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ചില പോലീസ് ആഫീസർമാരൊക്കെ ഷൈൻ ചെയ്യുന്നതിന്റെ ഭാഗമായി ചില നടപടികൾ നടത്തുന്നുണ്ട്. എനിക്കു പറയാനുള്ളത്, പാവപ്പെട്ട ആദിവാസികളുൾപ്പെടെയുള്ള ആളുകളെ പിടിച്ചുകൊണ്ടുപോയി മർദ്ദിക്കുകയും അവരുടെ കുടുംബാംഗങ്ങൾ പോയിട്ട് കാണാൻ സമ്മതം കൊടുക്കാതിരിക്കുകയും ചെയ്ത തമിഴ്നാട് പോലീസിന്റെ പ്രവർത്തനത്തിൽ ദുരൂഹതയുണ്ട്. എസ്.ടി.എഫ്.-ന്റെ പേരിൽ കേരളത്തിലങ്ങോളമിങ്ങോളമുള്ള പല പ്രദേശങ്ങളിലും പാവപ്പെട്ട ആളുകളെ ഭീഷണിപ്പെടുത്തുന്ന സമീപനത്തെ കുറിച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടുകൊണ്ട് പാവപ്പെട്ട ഈ നിരപരാധികളെ വിട്ടുകിട്ടുന്നതിനാവശ്യമായ നടപടികളുണ്ടാക്കുകയും വീരപ്പൻ വേട്ടയുടെ പേരിൽ പാവപ്പെട്ട ആളുകളെ ഭീഷണിപ്പെടുത്തുന്ന സമീപനത്തിന് ഒരു മാറ്റമുണ്ടാക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന് മുൻകൈ എടുക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, പാലക്കാട് മണ്ണാർക്കാട് മണ്ഡലത്തിൽപ്പെട്ട അട്ടപ്പാടി ഷോളയൂർ അണക്കാട് ആദിവാസി ഊരിൽ താമസിക്കുന്ന രാമൻ, ചിന്നചോല, മുരുകൻ, രങ്കൻ എന്നിവരെ തമിഴ്നാട് പോലീസിന്റെ സ്പെഷ്യൽ ടാക്സ് ഫോഴ്സുകാർ 24-1-2001 രാവിലെ 8 മണിക്ക് ഇടിഞ്ഞിപ്പാറ മലയിൽ വച്ച് കസ്റ്റഡിയിലെടുത്തു. വീരപ്പന്റെ സഹായികളെന്ന് സംശയിച്ചാണ് അവരെ പിടിച്ചത്. അവരുടെ കൈവശമുണ്ടായിരുന്ന അരിയും മറ്റു സാധനങ്ങളും 72,000 രൂപയും ബന്ധവസ്സിൽ എടുത്തിട്ടുണ്ട്. ഇവർക്കെതിരെ ക്രൈം 16/2001 നമ്പരായി തമിഴ്നാട് ആലാന്തുറ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് കോയമ്പത്തൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. റിമാന്റ് ചെയ്യപ്പെട്ട ഇവർക്ക് കോടതി 9-2-2001-ന് ജാമ്യം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധിപ്പെട്ട് കേരള പോലീസിന് ഇതുവരെ പരാതികളൊന്നും ലഭിച്ചിരുന്നില്ല.

(5) ചിറ്റൂർ, പാലക്കാട്, ആലത്തൂർ താലൂക്കുകളിൽ അലിയാറിൽ നിന്നും കൃഷിക്കും, കുടിവെള്ളത്തിനും ജലം ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. എ. ചന്ദ്രൻ : അലിയാറിൽ നിന്ന് യഥാസമയം നമുക്ക് അർഹതപ്പെട്ട ജലം ലഭിക്കാത്തതുകൊണ്ട് ചിറ്റൂർ, പാലക്കാട്, നൂറണത്തൂർ താലൂക്കുകളിലെ ആയിരക്കണക്കിന് ഏക്കർ നെൽക്കൃഷി ഉണങ്ങി നശിച്ചു കഴിഞ്ഞു. ഇപ്പോഴും ഉണക്കം തുടരുന്നു. തുലാവർഷം കുറവായതുകൊണ്ട് കുടിവെള്ളക്ഷാമം രൂക്ഷമായി നേരിടുന്നു. ജനങ്ങൾ ഭീതിയിലാണ്. തുലാവർഷം കുറവായതുകൊണ്ട് രണ്ടാം വിളയിറക്കാൻ കൃഷിക്കാർ വിഷമിച്ചു. അലിയാറിൽ നിന്നും ആവശ്യമായ ജലം ലഭിക്കുന്നില്ല. ഇതുമൂലമുണ്ടായ വരൾച്ചയെപ്പറ്റി ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട ജനറൽസേവന വകുപ്പുമന്ത്രിക്കും ബന്ധപ്പെട്ട അധികൃതർക്കും പല തവണ കത്തു തരികയും നേരിൽ പറയുകയും ചെയ്തതാണ്. യഥാസമയം നടപടിയുണ്ടായില്ല. പറമ്പിക്കുളം, അലിയാർ കരാർ പ്രകാരം ചിറ്റൂർപ്പുഴയ്ക്ക് 7.25 ടി.എം.സി. ജലം ലഭിക്കേണ്ടതാണെന്നാണ് സർക്കാർ കണക്ക്. 4.26 ടി.എം.സി. ജലം മാത്രമാണ് ഇപ്പോൾ നമുക്ക് ലഭിക്കുന്നത്. നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഈ വക കാര്യങ്ങൾ വളരെ വ്യക്തമായി പറയുന്നുണ്ട്. അലിയാറിന്റെ വൃഷ്ടിപ്രദേശത്ത് 31.935 ടി.എം.സി. ജലം ലഭിക്കുന്നതായി അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിൽ രേഖപ്പെടുത്തി കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 16 ടി.എം.സി. ജലത്തിന് ചിറ്റൂർ പുഴയ്ക്ക് അവകാശമുണ്ട്. നഷ്ടമാകുന്നത് 12.74 ടി. എം. സി. ജലമാണ്. ഇതുകൂടാതെ കരാറിൽ 2.5 ടി.എം.സി.വെള്ളം പറമ്പിക്കുളത്തുനിന്ന് ചിറ്റൂർപ്പുഴയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതും ലഭിക്കുന്നില്ല. ഇപ്പോൾ നൽകിത്തുടങ്ങിയ ഒരു ടി.എം.സി. ജലം തമിഴ്നാടിന്റെ ഔദാര്യം കൊണ്ടല്ല, പറമ്പിക്കുളത്തു നിന്ന് അനുവദിച്ച 2.5 ടി.എം.സി. ജലത്തിൽ നിന്നും അടിയന്തിരമായി അലിയാറിൽ നിന്ന് ലഭ്യമാക്കി. മീങ്കര, ചുള്ളിയാർ പ്രദേശങ്ങൾപ്പെടെ ഉള്ള ആയക്കെട്ട് പ്രദേശത്ത് ഇനിയും ഉണങ്ങാതെ നിൽക്കുന്ന നെൽക്കൃഷിയെ ഉണക്കിൽ നിന്ന് രക്ഷിക്കുകയും തുലാവർഷം

LIBRARY ARCHIVES Kerala Legislative Assembly